പ്രധാനമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): ഈ ചോദ്യത്തിനു് ഉത്തരം തയ്യാറായിവന്നിട്ടില്ല. ഫാമിലി പെൻഷ്യൻ കൊടുത്തുകൊണ്ടിരിക്കുന്ന കുടുംബങ്ങളുടെ പേരുകളും അവ എതെല്ലാം ഡിസ്ട്രിക്ടിൽ എത്രവീതമാണു് എന്നുമുള്ള വിവരങ്ങളും ശേഖരിക്കുന്നതിനു് കുറെ സമയം വേണ്ടിവരും.

ഉദ്യോഗസ്ഥന്മാരുടെ വസ്തുവകകൾ

*൩൪൯. (൨൯) ശ്രീ. സെബാസ്റ്റ്യൻ തോപ്പിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) സംസ്ഥാനത്തെ ഉദ്യോഗസ്ഥന്മാരുടെ വസ്തുക്കളെ സംബന്ധിച്ചുള്ള വിവരങ്ങളും, ഉദ്യോഗത്തിൽ പ്രവേശിച്ചതിനുശേഷം അവർ സമ്പാദിച്ചിട്ടുള്ള വകകളുടെ വിവരവും സംബന്ധിച്ചു അന്വേഷണം പൂർത്തിയായോ;

(ബി) അതിൽ എന്തു നടപടി കൈക്കൊള്ളാൻ ഗവണ്മെണ്ടിനു കഴിഞ്ഞിട്ടുണ്ടു്?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി.കെ. നാരായണപിള്ള): (എ) അങ്ങിനെ അന്വേഷണം നടത്തണമെന്നുദ്ദേശമില്ല.

(ബി) ഉദിക്കുന്നില്ല.

സ്ത്രീ പോലീസ്

*൩൫൦. (൯൦) ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ–കൊച്ചി സംസ്ഥാന സ്ത്രീപോലീസ് ബ്രാഞ്ചിൽ നിന്നും പിരിച്ചുവിടപ്പെട്ട ഹരിജൻ സ്ത്രീപോലീസുകാരെ തിരിയെ സർവ്വീസിൽ പ്രവേശിപ്പിച്ചു് സഹായിക്കാൻ നിവേദനങ്ങൾ കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ നിവേദനക്കാർ ആരെല്ലാം;

(സി) പ്രസ്തുത നിവേദനത്തിൽ എന്തു നടപടി നടത്തി?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള): (എ) ഉണ്ടു്.

(ബി) പി. സി. നമ്പർ ശ്രീ. ഭവാനി, പി. സി. ൨൯൦ ശ്രീ. എം. എ. കാത്ത്യായനി എന്നീ വ്യക്തികളാണു്.

(സി) ആവശ്യമായ നടപടികൾക്കുശേഷം സർവ്വീസിൽ വീണ്ടും പ്രവേശിപ്പിക്കണമെന്നുള്ള അപേക്ഷ നിരസിക്കയുണ്ടായി.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: പിരിച്ചുവിടാൻ പ്രത്യേകകാരണം വല്ലതുമുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അവധിക്കുടാതെ ജോലിക്കു ഹാജരാകാതിരുന്നു എന്നുമേറെയുള്ള കൃത്യവിലോപങ്ങൾക്കായിട്ടാണു് പിരിച്ചുവിട്ടതു്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: പ്രസവം നിമിത്തമാണു് പിരിച്ചുവിട്ടതെന്നു അറിയുന്നതിലും അറിയിക്കുന്നതിലും വല്ല പരമാർത്ഥവുമുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങനെയാണെന്നു ഗവണ്മെണ്ടിനു അറിവില്ല.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: ഹരിജനോദ്ധാരണത്തിൽ മുൻകൈ എടുത്തു പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഗവണ്മെണ്ടു പോലീസ് സൈന്യത്തിലുണ്ടായിരുന്ന

†Answer to this question laid on the table, the questioner having exhausted his quota.

LIBRARY ARCHIVES Kerala Legislative Assembly